പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 242

08.06.2015-ൽ മറുപടി
നൽകേണ്ടിയിരുന്നത്.

## പോലീസുകാർ പ്രാകൃതമർദ്ദനമുറകൾ ഉപയോഗിച്ച സംഭവം

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
|---|---|
| (എ) കഠിനംകുളം പുതുവല്ലിയിലെ വീട്ടിൽ അജീഷിനെ മഫ്തിയിലെത്തിയ പോലീസുകാർ സ്റ്റേഷനിലേയ്ക്ക് കൂട്ടികൊണ്ടുപോയി മർദ്ദിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കഠിനംകുളം പുതുവല്ലിയിലെ വീട്ടിൽ അജീഷിനെ മഫ്തിയിലെത്തിയ പോലീസുകാർ സ്റ്റേഷനിലേയ്ക്ക് കൂട്ടികൊണ്ടുപോയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മർദ്ദിച്ചതായി വെളിവായിട്ടില്ല. |
| (ബി) അജീഷിനെ കമിഴ്ത്തിക്കിടത്തി കാലിലും കൈയ്യിലും പോലീസുകാർ പിടിച്ചുവച്ച് തേങ്ങാകൊണ്ട് മുതുകിൽ ഇടിക്കുകയും കാന്താരിമുളക് ജനനേന്ദ്രിയത്തിലും മലദ്വാരത്തിലും തേച്ച് പീഡിപ്പിയ്ക്കുകയും ചെയ്തുവെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ; | (ബി) ഇത്തരത്തിൽ ദേഹോപദ്രവം ഏൽപ്പിച്ചതായി വെളിവായിട്ടില്ല. |
| (സി എങ്കിൽ അതു സംബന്ധിച്ച് എന്തു നടപടിയെടുത്തുവെന്ന് വിശദമാക്കുമോ? | (സി ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ, ഗുരുതരമായ കൃത്യവിലോപം നടത്തിയതിന് കഴക്കൂട്ടം എസ്.ഐ. ശ്രീ.കെ.രാജേന്ദ്രൻ നായരെ സസ്പെന്റ് ചെയ്യുകയും ടിയാനെതിരെയും കഴക്കൂട്ടം സി.ഐ. ശ്രീ. അരുണിനെതിരെയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ